**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൈതൃക വിനോദസഞ്ചാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൈതൃക സ്മാരകങ്ങളുടെ സംരക്ഷണത്തിനൊപ്പം വിനോദസഞ്ചാര മേഖലയുടെ വികസനവും യാഥാർത്ഥ്യമാക്കുന്ന പൈതൃക വിനോദസഞ്ചാര പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | നിലവിൽ പൈതൃക സ്മാരകങ്ങളുടെ സംരക്ഷണത്തിനൊപ്പം വിനോദസഞ്ചാര മേഖലയുടെ വികസനവും യാഥാർത്ഥ്യമാക്കുന്ന പൈതൃക വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>• കനകക്കുന്ന് കൊട്ടാരത്തിൽ 4.85 കോടി രൂപയുടെ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ പ്രസ്തുത പദ്ധതി അന്തിമ ഘട്ടത്തിലാണ്.<br>• തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളിലായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതിൽ 27 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 11 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . 8 പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്, ബാക്കിയുള്ള 3 പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി – കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു . ഇതിൽ ഒന്നാം |

ഘട്ട പ്രവൃത്തികൾക്കായി 17.19 കോടി രൂപയുടെയും രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 15.86 കോടി രൂപയുടെയും മൂന്നാം ഘട്ട പ്രവൃത്തികൾക്കായി 13.39 കോടി രൂപയുടെയും നാലാം ഘട്ട പ്രവൃത്തികൾക്കായി 15.26 കോടി രൂപയുടെയും അഞ്ചാം ഘട്ട പ്രവൃത്തികൾക്കായി 14.38 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുവരുന്നു.

- ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി (സംസ്ഥാന), ഡെവലപ്പ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരളാ എന്ന പ്രവൃത്തിയ്ക്കായി 9,68,31,000/- രൂപയും ഡെവലപ്പ്മെന്റ് ഓഫ് മ്യൂസിയം ഓഫ് ലിവിങ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി എന്ന പ്രവൃത്തിയ്ക്കായി 9,95,94,000/- രൂപയുടെയും ഡെവലപ്പ്മെന്റ് ഓഫ് യാൺ മ്യൂസിയം എന്ന പ്രവൃത്തിയ്ക്കായി 5,42,75,000/- രൂപയുടെയും റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് ഷെഡ് കയർ കോർപ്പറേഷൻ ആന്റ് ക്യാന്റീൻ ബ്ലോക്ക് ഫോർ മ്യൂസിയം എന്ന പ്രവൃത്തിയ്ക്കായി 3,29,87,000/- രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നു.
- മുസിരീസ് പൈതൃക പദ്ധതി - ഈ പദ്ധതികളുടെ കീഴിൽ ആലപ്പുഴ പട്ടണവും പറവൂർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റികളും, മതിലകം, എസ്.എൻ പുരം, എറിയാട്, ഇടവിലങ്ങ്, ചേന്ദമംഗലം, വടക്കേക്കര, ചിറ്റാറ്റുകര, പുത്തൻ വേലിക്കര, പള്ളിപ്പുറം, മാള, പൊയ്യ, വെള്ളാങ്ങല്ലൂർ എന്നീ പഞ്ചായത്തുകളും ആണ് ഉൾപ്പെടുന്നത്.

പദ്ധതിപ്രദേശത്തെ പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. മുസിരീസ് ബോട്ട് ജെട്ടികളുടെ നിർമ്മാണം
2. മുസിരിസ് പൈതൃക സ്മാരക നിർമ്മാണവും പുനരുദ്ധാരണവും
3. മുസിരിസ് പൈതൃക സ്മാരക പുനരുദ്ധാരണവും സംരക്ഷണവും (മാള സിനഗോഗ്, ചേരമാൻ ജുമാമസ്ജിദ്, പാലിയം ഊട്ടുപുര, കനാൽ ഓഫീസ്, കീഴ്ത്തളി

| | | | |
|---|---|---|---|
| | | | ക്ഷേത്രം, സെയിന്റ് സെബാസ്റ്റ്യൻ പുരോഹിതവസതി, ക്രിസ്ത്യൻ ലൈഫ് സ്റ്റൈൽ മ്യൂസിയം, ബംഗ്ലാവ് കടവ്, ഹോളി ക്രോസ് ചർച്ച്, പി.എ.സായീദ് മുഹമ്മദ് സാംസ്കാരിക കേന്ദ്രം, സ്മാരക സൂചകങ്ങൾ)<br>4. മുസിരിസ് പൈതൃക സ്മാരക പുനരുദ്ധാരണവും സംരക്ഷണവും (കേശവദേവിന്റെ ഭവനം, പറവൂരിലെ ജൂതഭവനം, ചേന്നമംഗലത്തെ ജൂതഭവനം, മിസ്രി പള്ളി)<br>5. മുസിരിസ് പൈതൃക മ്യൂസിയങ്ങളുടെ നവീകരണം<br>6. മോണുമെന്റ്സ്<br>7. പതിനെട്ടരയാളം കോവിലകം സാമൂഹിക കേന്ദ്രം<br>8. കോട്ടപ്പുറത്തെ കുട്ടികളുടെ പാർക്ക്<br>9. മാള ജൂത സെമിത്തേരി ചുറ്റുമതിൽ നിർമ്മാണം<br><br>• പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതോടൊപ്പം പൈതൃക ആരാധനാലയങ്ങൾ സംരക്ഷിക്കുവാനും നവീകരിക്കുവാനും ഉള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട് . |
| (ബി) | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥാടക ടൂറിസം പ്രോത്സാഹിപ്പിക്കാൻ ഓഗ്മെന്റ് റിയാലിറ്റി പോലുള്ള സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ തീർത്ഥാടക ടൂറിസം പ്രോത്സാഹിപ്പിക്കാൻ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഓഗ്മെന്റഡ് റിയാലിറ്റി പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് . ക്ഷേത്രം സന്ദർശിക്കാനെത്തുന്നവർക്ക് ക്ഷേത്രത്തെയും ചുറ്റുപാടുമുള്ള ചരിത്ര നിർമ്മിതികളെയും ആഗ്മെന്റഡ് റിയാലിറ്റി (AR) സാങ്കേതികതയിലൂടെ മൊബൈൽ ഫോൺ വഴി ഒരു ആപ്പിലൂടെ തത്സമയം പരിചയപ്പെടുത്തുന്നതാണ് പദ്ധതി . |
| (സി) | ക്ഷേത്രങ്ങൾ, ക്രിസ്ത്യൻ ദേവാലയങ്ങൾ എന്നിവക്കൊപ്പം ഇസ്ലാമിക് ചരിത്ര മൈക്രോസൈറ്റും തയ്യാറാക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ വിവിധ ആരാധനാലയങ്ങളെ പരിചയപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകം അനാവരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ മൈക്രോസൈറ്റുകൾ ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്നു.<br><br>കേരളത്തിലെ പ്രധാന തീർഥാടന കേന്ദ്രമായ ശബരിമലയെ കുറിച്ച് ബഹുഭാഷാ മൈക്രോസൈറ്റാണ് തയ്യാറാക്കുന്നത്. യാത്ര, താമസ സൗകര്യങ്ങൾ, ബഹുഭാഷാ ഇ-ബ്രോഷറുകൾ |

| | | | |
|---|---|---|---|
| | | | തുടങ്ങി ശബരിമല തീർഥാടകർക്ക് സഹായകമാകുന്ന നവീകരിച്ച മൈക്രോസൈറ്റാണ് വികസിപ്പിക്കുന്നത്.<br><br>ഇംഗ്ലീഷിന് പുറമേ ഹിന്ദി, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ഉള്ളടക്കം വികസിപ്പിച്ചുകൊണ്ടാണ് ശബരിമല മൈക്രോസൈറ്റ് വിപുലീകരിക്കുന്നത്. ശബരിമല തീർഥാടനത്തെക്കുറിച്ചുള്ള ഇ-ബ്രോഷർ, പ്രൊമോഷണൽ ഫിലിം, ഓൺലൈൻ മാർക്കറ്റിംഗ് കാമ്പയിനുകൾ എന്നിവയും ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. പ്രതിവർഷം ലക്ഷക്കണക്കിന് ഭക്തർ എത്തുന്ന ശബരിമല തീർഥാടനം തടസ്സരഹിതവും സുഖപ്രദവുമായ അനുഭവമാക്കി മാറ്റാൻ ഇതുവഴി സാധിക്കും.<br><br>മുസ്ലീം പൈതൃക ആരാധനാലയങ്ങളിലെ സവിശേഷമായ ആചാരങ്ങൾ, കലകൾ, ഉത്സവങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ അടങ്ങുന്ന മൈക്രോസൈറ്റും രൂപകൽപ്പന ചെയ്യുന്നുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങൾ, ക്രിസ്തുമതം, ജൂതമതം എന്നിവയെക്കുറിച്ച് സമാനമായ മൈക്രോസൈറ്റുകൾ കേരള ടൂറിസം വികസിപ്പിച്ചിരുന്നു.<br><br>ഈ പദ്ധതികളിലൂടെ തീർഥാടന ടൂറിസത്തിന്റെ സമഗ്ര പുരോഗതിയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ